**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.826** 10.06.2019 -**ലെ മറുപടിക്ക്**

**ഭാസ്കർ നഗർ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2017-18 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഒരുകോടി രൂപയിൽ നിന്നും തിരുവനന്തപുരം ജില്ലാ നിർമ്മിതികേന്ദ്രത്തിന് നിർമ്മാണ പ്രവൃത്തിക്കായി എത്ര തുകയാണ് അഡ്വാൻസ് നൽകിയതെന്ന് വ്യക്തമാക്കാമോ ; | (എ) | ഭാസ്കർ നഗർ കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 50 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വർഷമാണ് ആരംഭിച്ചത് എന്ന് വിശദീകരിക്കാമോ; | (ബി) | 2018-ൽ ആരംഭിച്ചു. |
| (സി) | ഭാസ്കർ നഗർ കോളനിയിൽ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ ; | (സി) | അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയുടെ ഏകദേശം 80% തുകയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മിതികേന്ദ്രത്തിന്റെ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ; | (ഡി) | ജില്ലാ നിർമ്മിതി കേന്ദ്രത്തിലെ പ്രോജക്ട് മാനേജർ |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കോളനിയുടെ നവീകരണപ്രവർത്തനവുമായി ബന്ധപ്പെട്ട് നിർമ്മിതികേന്ദ്രം വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം നേരിട്ടിരുന്നുവെങ്കിലും നിലവിൽ പ്രവൃത്തികൾ വീഴ്ച കൂടാതെ നടന്നുവരുന്നുണ്ട്. ഏജൻസിക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ